I/510040/2023

ഇ-മെയിൽ: director.ims@kerala.gov.in  വെബ്സൈറ്റ്: www.ims.kerala.gov.in  ഫോൺ നം.: 0471-2323960

**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെനടപടി ഉത്തരവ്**

**തിരുവനന്തപുരം – 14**

വിഷയം :- ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്–ജീവനക്കാര്യം - രാമൻകുളങ്ങര ഇ.എസ്.ഐ ഡിസ്പെൻസറിയിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി.സ്മിത.പി.എസ്-നെ പി.എസ്.സി അഡ്വൈസ് ചെയ്ത ജില്ലയായ മൂന്നാർ ഇ.എസ്.ഐ ഡിസ്പെൻസറിയിലേക്ക് സ്ഥലംമാറ്റി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1) ഉത്തരവ് നം. ഇ5-23319/2015/ഡി.ഐ.എം.എസ് തീയതി: 06.06.2017

2) 15.09.2017 തീയതിയിലെ സ.ഉ(കൈ) നം.75/2017/തൊഴിൽ നമ്പർ ഉത്തരവ്.

3) 16.09.2023 തീയതിയിലെ മദ്ധ്യമേഖല ആർ.ഡി.ഡി-യുടെ ഇ1-700/2023 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ – ഇ5-1830/2023/ഡി.ഐ.എം.എസ് തീയതി: 07-10-2023**

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ കൊല്ലം ജില്ലയിലെ രാമൻകുളങ്ങര ഇ.എസ്.ഐ ഡിസ്പെൻസറിയിൽ നിലവിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീമതി.സ്മിത.പി.എസ് ഇടുക്കി ജില്ലാ പി.എസ്.സി ഓഫീസറുടെ നിയമന ശുപാർശ പ്രകാരം മദ്ധ്യമേഖല ആർ.ഡി.ഡി യുടെ നിയമന ഉത്തരവിന്റെ അടിസ്ഥാനത്തിൽ തൊടുപുഴ ഇ.എസ്.ഐ ഡിസ്പെൻസറിയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 21.08.2014 തീയതിയിൽ ജോലിയിൽ പ്രവേശിച്ച ജീവനക്കാരിയാണ്. തുടർന്ന് ടിയാൾ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ കൊല്ലം ജില്ലയിലെ ഓഫീസിൽ അന്യത്ര സേവനത്തിൽ പ്രവേശിക്കുകയുണ്ടായി. അന്യത്ര സേവനം അവസാനിപ്പിച്ച് ജോലിയിൽ പ്രവേശിക്കുന്നതിന് ടിയാൾ അപേക്ഷ സമർപ്പിച്ച സമയത്ത് ഇടുക്കി ജില്ലയിൽ ഒഴിവില്ലാത്ത കാരണത്താൽ ഇടുക്കി ജില്ലയിൽ ഉണ്ടാകുന്ന ആദ്യ ഒഴിവിൽ ടിയാൾക്ക് നിയമനം നൽകുന്നതാണ് എന്ന വ്യവസ്ഥയോടെ കൊല്ലം ജില്ലയിലെ കേരളപുരം ഇ.എസ്.ഐ ഡിസ്പെൻസറിയിൽ നിലവിലുണ്ടായിരുന്ന ഒഴിവിൽ പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.ടിയാൾ 06.06.2017 തീയതിയിൽ കേരളപുരം ഡിസ്പെൻസറിയിൽ ജോലിയിൽ പ്രവേശിക്കുകയും അതുമുതലിങ്ങോട്ട് കൊല്ലം ജില്ലയിൽ ജോലി ചെയ്തു വരികയുമാണ്.

പരാമർശം (2) പ്രകാരം ഇടുക്കി ജില്ലയിൽ 21.07.2023 തീയതിയിൽ പുതുതായി പ്രവർത്തനം ആരംഭിച്ച മൂന്നാർ ഇ.എസ്.ഐ ഡിസ്പെൻസറിയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിലവിൽ ഒഴിവ് ഉണ്ടായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ നിലവിൽ കൊല്ലം ജില്ലയിലെ രാമൻകുളങ്ങര ഇ.എസ്.ഐ ഡിസ്പെൻസറിയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീമതി.സ്മിത.പി.എസ്-നെ ഇടുക്കി ജില്ലയിലെ മൂന്നാർ ഇ.എസ്.ഐ ഡിസ്പെൻസറിയിൽ നിലവിലുള്ള ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് സ്ഥലംമാറ്റി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി ജീവനക്കാരിയെ ഈ ഉത്തരവ് കൈപ്പറ്റിയാലുടൻ തന്നെ വിടുതൽ ചെയ്യുവാൻ രാമൻകുളങ്ങര ഇ.എസ്.ഐ ഡിസ്പെൻസറിയിലെ ഇൻഷുറൻസ് മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തുന്നു.

ടിയാളെ വിടുതൽ ചെയ്യുന്ന മുറയ്ക്ക് താമസം കൂടാതെ കൊല്ലം ജില്ലയിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ടി ഒഴിവ് പി.എസ്.സി -യ്ക്ക് റിപ്പോർട്ട് ചെയ്യാൻ ദക്ഷിണമേഖല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

I/510040/2023

ശ്രീമതി.സ്മിത.പി.എസ്-നെ വിടുതൽ ചെയ്യുന്ന തീയതിയും പുതിയ ലാവണത്തിൽ ജോലിയിൽ പ്രവശിച്ച തീയതിയും യഥാസമയം അറിയിക്കേണ്ടതാണ്.

Signed by
Malini S
Date: 09-10-2023 10:53:01

ഡോ. MALINI S
DIRECTOR OF INSURANCE MEDICAL SERVICES

**സ്വീകർത്താവ്**

ബന്ധപ്പെട്ട ജീവനക്കാരി (സ്ഥാപനമേധാവി മുഖേന )

**പകർപ്പ് :-**

1. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്, ദക്ഷിണ മേഖല, കൊല്ലം/മദ്ധ്യമേഖല,എറണാകുളം
2. ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ, ഇ.എസ്.ഐ ഡിസ്പെൻസറി, രാമൻകുളങ്ങര/ മൂന്നാർ
3. വെബ് സൈറ്റ്
4. ഫയൽ/സ്റ്റോക്ക് ഫയൽ